റിപ്പോർട്ട്

# കരുനാഗപ്പള്ളി ഗ്യാസ് ടാങ്കർ ദുരന്തം സഹായമെത്താതെ ദുരന്തബാധിതർ



**കരുനാഗപ്പള്ളി** പുത്തൻതെരുവ് ഗ്യാസ് ടാങ്കർ ദുരന്തഭീതിയിൽനിന്ന് നാട് ഇനിയും മുക്തമായിട്ടില്ല. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന പോലീസുകാരും നാട്ടുകാരുമുൾപ്പെടെ 9 പേരാണ് മരിച്ചത്. അപകടത്തിലും തീപിടുത്തത്തിലും പെട്ടവർ 25ഓളമാണ്. അപകടനില തരണം ചെയ്യാതെ അത്യാസന്നനിലയിൽ കഴിയുന്ന 6 പേർ ഇനിയുമുണ്ട്. ഒരു പ്രദേശമാകെ തീപടരുകയായിരുന്നു. ചവറ പോലീസ് ജീപ്പ് നിർത്തിയശേഷം വീണ്ടും സ്റ്റാർട്ട് ചെയ്യുന്നതിനിടെ ബാറ്ററിയിൽനിന്നുണ്ടായ സ്പാർക്കിംഗിൽ ജീപ്പും പോലീസുകാരും ആളിപ്പടർന്ന തീയിൽ കത്തിയമർന്നു. ഏകദേശം 300 മീറ്റർ ചുറ്റളവിൽ വീടുകളും വ്യാപാര സ്ഥാപനങ്ങളും തടിമില്ലും കാഷ്യൂഫാക്ടറി, ബി.എസ്.എൻ.എൽ ഓഫീസുകളും അഗ്നിക്കിരയായി. നൂറോളം ബൈക്കുകൾ, കാറുകൾ, ഐസ് പ്ലാന്റ് തുടങ്ങിയവയും അഗ്നി വിഴുങ്ങി. സംസ്ഥാനത്ത് ഇത്ര വലിയ ഒരു ഗ്യാസ് ടാങ്കർ ദുരന്തം വേറെ ഉണ്ടാവാനിടയില്ല. മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ, കേന്ദ്രമന്ത്രി വയലാർ രവി, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, ജ.ഇ സംസ്ഥാന സെക്രട്ടറി എച്ച്. ശഹീർ മൗലവി, ജ.ഇ സംസ്ഥാന വനിതാ വിഭാഗം അംഗം അസൂറ അലി, കൊല്ലം

ജില്ലാ പ്രസിഡന്റ് ഇസ്മാഈൽ ഖനി, വനിതാ വിഭാഗം ജില്ലാ പ്രസിഡന്റ് സീനത്ത് നിസാം, സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് അബ്ദുസ്സമദ് തുടങ്ങി നിരവധി നേതാക്കൾ മരിച്ചവരുടെ വീടുകളും സംഭവസ്ഥലവും സന്ദർശിച്ചു. മുൻ മനുഷ്യാവകാശ കമീഷൻ ആക്ടിംഗ് ചെയർമാൻ ഡോ. എസ്. ബാലരാമന്റെ നേതൃത്വത്തിൽ ജ.ഇ പ്രതിനിധി എ. അബ്ദുല്ല മൗലവി കൊല്ലം, സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് അബ്ദുൽ സമദ് എന്നിവരുടെ നേതൃത്വത്തിൽ ജനകീയ അന്വേഷണ സമിതി രൂപീകരിച്ച് നഷ്ടങ്ങളുടെ യഥാർഥ കണക്കുകൾ ശേഖരിച്ച് സർക്കാരിന് സമർപ്പിക്കാനിരിക്കുകയാണ്. ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റും താലൂക്ക് ജമാഅത്ത് യൂനിയൻ പ്രസിഡന്റുമായ അഡ്വ. കെ.പി മുഹമ്മദ് പ്രവർത്തനങ്ങളുമായി സഹകരിക്കുന്നു. സർക്കാർ കണക്കാക്കിയ നഷ്ടം ഒന്നേകാൽ കോടി രൂപയാണ്. വ്യാപാരികളുടെ കണക്ക് പ്രകാരം നഷ്ടം 5 കോടിയിലധികം വരും. പെട്ടിക്കടകൾ ഉൾപ്പെടെ 20ഓളം വ്യാപാര സ്ഥാപനങ്ങളും പത്തോളം വീടുകളും തൊട്ടടുത്ത ബിൽഡിംഗുകളും കത്തി നശിച്ചിട്ടുണ്ട്. വ്യവസായികൾക്കും വീട് നഷ്ടപ്പെട്ടവർക്കും യാതൊരു ആശ്വാസ ധനസഹായവും സർക്കാർ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

തിരുവനന്തപുരത്ത് ആശുപത്രികളിൽ മരിച്ച രക്ഷാപ്രവർത്തകരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും ദുരന്തത്തിൽ പൊള്ളലേറ്റ് ചികിത്സയിൽ കഴിയുന്നവരെ പരിചരിക്കുന്നതിനും തിരുവനന്തപുരം മെഡിക്കൽ കോളേജ് മസ്ജിദിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ഇൻഫർമേഷൻ ആന്റ് മെഡിക്കൽ മിഷൻ ഗൈഡൻസ് സെന്റർ ഡയറക്ടർ പ്രഫ. പി.എ സഹീദ്, മസ്ജിദ് ഇമാം ഇ.എ സലീം മൗലവി എന്നിവരുടെ നേതൃത്വത്തിൽ ഐ.ആർ.ഡബ്ലിയു സംഘവും ജമാഅത്ത് പ്രവർത്തകരും സജീവമായി രംഗത്തുണ്ടായിരുന്നു. ആശുപത്രിയിൽ കഴിയുന്നവർക്ക് സഹായമെത്തിച്ചത് ഐ.ആർ.ഡബ്ലിയു പ്രവർത്തകരായ ഗഫൂർ, എ.എ ജലീൽ, എസ്.എ ജലീൽ, വൈ.എം ഫാറൂഖ്, സിക്കന്തർ, ഷാനി എന്നിവരുടെ നേതൃത്വത്തിലായിരുന്നു.

**ഷംസ് കരുനാഗപ്പള്ളി**

# ആത്മസമരങ്ങളായി പഠന ക്യാമ്പുകൾ

**സമഗ്രാധിപത്യത്തിന്റെ** ബുദ്ധിശൂന്യതകൾക്കും പിടിവാശികൾക്കും വഴങ്ങാതെ, വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നതിനു വേണ്ടിയുള്ള ആത്മസമരങ്ങളാണ് പഠനങ്ങൾ. ഒന്നിന്റെയും ഉടമയോ അടിമയോ ശത്രുവോ ആകാനുള്ളതല്ല ആത്മനിഷ്ഠമായ അറിവ്. വിവരം ഉൽപ്പാദിപ്പിക്കുന്നത് ലാഭനഷ്ടങ്ങൾക്ക് സാധ്യതയുള്ള കമ്പോളത്തെയല്ല, ത്യാഗത്തിനു തയാറുള്ള ഒരു ലോകത്തെയാണ്. കാലുറപ്പിച്ച മണ്ണിനെയും കണ്ണയക്കുന്ന ലോകത്തെയും കുറിച്ച് ബോധ്യമില്ലെങ്കിൽ മുന്നോട്ടുള്ള വഴിയിൽ കാലിടറിവീഴും. പ്രവാചകത്വത്തെയും കൂടുതൽ ഉറപ്പുള്ളതാക്കുന്നത് വിജ്ഞാനംതന്നെയാണ്. 'നാഥാ എനിക്ക് അറിവ് വർധിപ്പിച്ച് തരേണമേ' എന്ന പ്രവാചക പ്രാർഥന സൂചിപ്പിക്കുന്നത് അതാണ്. 'വിജ്ഞാനം വിശ്വാസിയുടെ നഷ്ടപ്പെട്ടുപോയ സമ്പാദ്യമാണ് അതെവിടെ കണ്ടാലും വീണ്ടെടുക്കണം' എന്ന വചനത്തിലൂടെ വിശ്വാസത്തിന്റെ കരുത്തിനും നിലനിൽപ്പിനും വിവരം ആവശ്യമാണ് എന്നാണ് പ്രവാചകൻ വ്യക്തമാക്കുന്നത്.

ഏതൊരു പ്രസ്ഥാനത്തിന്റെയും കരുതിവെപ്പുകൾ അതിന്റെ കരുത്തുള്ള പ്രവർത്തകരാണ്. ഏതൊരു സംഘടനയുടെയും ചരിത്രത്തിൽ ആവേശങ്ങൾക്കും മുദ്രാവാക്യങ്ങൾക്കുമല്ല, ഉൾക്കനമുള്ള എഴുത്തിനും പഠനത്തിനു

മാണ് സ്ഥാനമുള്ളത്.  ഉൾതെളിച്ചമുണ്ടാകുന്നതിനും കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും സംഘടനയുടെ പ്രതിനിധിയാകുന്നതിനും പഠനക്യാമ്പുകളും വൈജ്ഞാനിക പരിപാടികളും ആവശ്യമാണ്. ഉറച്ച  വിവരങ്ങളില്ലെങ്കിൽ തെറിച്ചു വീഴുന്നത് മാലിന്യകൂമ്പാരങ്ങളിലേക്കായിരിക്കും.

അതുകൊണ്ടാണ് എസ്.ഐ.ഒ അതിന്റെ മുദ്രാവാക്യത്തിൽ പഠനത്തിന് ഒന്നാം സ്ഥാനം നൽകിയിരിക്കുന്നത്. സേവനത്തിന് കൂടുതൽ ആർദ്രതയുണ്ടാവാനും സമരത്തിന് തീക്ഷ്ണത വർധിക്കാനും അതുപകരിക്കുന്നതാണ്. സമര, സേവന പ്രവർത്തനങ്ങളോടൊപ്പം പഠനസംസ്ക്കാരത്തിനും അതിന്റെ പ്രവർത്തന കാലയളവിൽ വലിയൊരു സമയം മാറ്റിവെക്കുന്നുണ്ട്. കേഡർക്യാമ്പുകൾ അതിന്റെ ഭാഗമാണ്. മുഴുവൻ ജില്ലാ ഘടകങ്ങൾക്ക് കീഴിലും കേഡർക്യാമ്പുകൾ സംഘടിപ്പിച്ചു. നൂറുകണക്കിന് പ്രവർത്തകർ തർക്കിച്ചും തിരുത്തിയും ഉൾക്കൊണ്ടും സംഘടനയെ ആഴത്തിൽ മനസ്സിലാക്കി. വൈവിധ്യമാർന്ന വിഷയങ്ങൾക്കു വേണ്ടി നീണ്ട ദിവസങ്ങൾ തപസ്സിരുന്നു.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നയവികാസങ്ങൾ, മുസ്‌ലിം വിരുദ്ധതയുടെ മാധ്യമചരിത്രം, ദലിത് മുസ്‌ലിം രാഷ്ട്രീയം, ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ, ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ലക്ഷ്യം, ആദർശം, നേതൃത്വശേഷി വർധിപ്പിക്കാനാവശ്യമായ ട്രെയ്നിംഗുകൾ, പുസ്തകചർച്ചകൾ, വ്യക്തിപരിചയങ്ങൾ, കാമ്പസ് ആക്റ്റിവിസം, മൗദൂദി സാഹിത്യങ്ങളിലെ ഇസ്‌ലാം, ബഹുസ്വരതയും ഇസ്‌ലാമും, വിദ്യാർഥി രാഷ്ട്രീയം, ഇസ്‌ലാമിക നവോത്ഥാനം തുടങ്ങിയ നിരവധി വിഷയങ്ങളിലുള്ള ആഴത്തിലുള്ള അവതരണങ്ങളും ചർച്ചകളും കേഡർക്യാമ്പുകളെ ശ്രദ്ധേയമാക്കി. പ്രവർത്തന പഥങ്ങളിലേക്ക് ഉൾക്കരുത്തോടെ പ്രവേശിക്കാൻ സാധിക്കുന്ന രീതിയിലായിരുന്നു ഏറക്കുറെ വിഷയങ്ങൾ ക്രമീകരിച്ചിരുന്നത്. നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങളെ ആഴത്തിൽ പരിശോധിക്കാനും, ഇസ്‌ലാമിക് അക്കാദമിക് ആക്റ്റിവിസത്തിന്റെ രീതിശാസ്ത്രങ്ങൾ പരിചയപ്പെടാനും ഇതിലൂടെ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

വിവിധ ക്യാമ്പുകളിലായി നിരവധി സെഷനുകളിൽ ജ.ഇ കേരളാ അമീർ ടി. ആരിഫലി,  അസി: അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, കെ.ടി അബ്ദുർറഹീം, ഖാലിദ്മൂസാ നദ്‌വി, ടി.പി മുഹമ്മദ് ശമീം, ടി.കെ മുഹമ്മദലി, ബിശ്റുദ്ദീൻ ശർഖി, യൂസഫ് ഉമരി, പി.പി അബ്ദുർറഹ്മാൻ, പി.ഐ നൗഷാദ്, എം. സാജിദ്, സണ്ണി എം. കപിക്കാട്, മഹ്മൂദ് ശിഹാബ്, പി.എം സാലിഹ്, കെ.എ ശഫീഖ്, സമീർ വടുതല, വി.എ അബൂബക്കർ, കെ.വി അബ്ദുല്ല, എസ്. ഇർഷാദ്, ശിഹാബ് പൂക്കോട്ടൂർ, സലീം പൂപ്പലം, സാദിഖ് മമ്പാട്, സി.പി ഹബീബ് റഹ്മാൻ, ടി. ശാക്കിർ, ഫർമീസ്, കെ.എസ് നിസാർ, യു. ഷൈജു, മുഹമ്മദ് അസ്‌ലം, അബ്ദുൾഖാദർ, ടി.എ ഫയാസ്, എ.സി മുനീഷ് തുടങ്ങിയവർ പങ്കെടുത്തു.

**ഫൂക്കോ**